**OFFICE OF THE COCHIN DEVASWOM BOARD**
**Round North, Thrissur – 680 001**
PH: 2331124, 2327028 FAX : 2335874, 2327029
E-mail. admin@cochindevaswomboard.org

No.A9- 2834/2024 Date : 2/03/2024

## ടെണ്ടർ പരസ്യം

തിരുവഞ്ചിക്കുളം ഗ്രൂപ്പിൽപ്പെട്ട ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിൽ 2024 ഏപ്രിൽ 1 മുതൽ 2025 മാർച്ച് 31 കൂടിയ കാലയളവിൽ (മീനഭരണിയോടനുബന്ധിച്ച് കോഴിക്കല്ല് മൂടുന്നതു മുതൽ ഭരണി ഉൾപ്പെടെയുള്ള നടതുറപ്പ് വരെയുള്ള ദിവസങ്ങളിലും. താലപ്പൊലി സംക്രാന്തി വെടി പൊട്ടിയതു മുതൽ 4 കൂടിയ ദിവസങ്ങളിലും ഒഴികെ) ക്ഷേത്രപാലകന്റെ നടയിൽ ഭക്തർ എറിഞ്ഞു ലഭിക്കുന്ന നാളികേര കഷ്ണങ്ങൾ പെറുക്കി എടുത്ത് തൂക്കം നോക്കി കൊണ്ടു പോകുന്നതിനുള്ള അവകാശം 2024 മാർച്ച് 13 ന് പകൽ 3.00 മണി വരെ സീൽഡ് ടെണ്ടർ സ്വീകരിച്ച് അവകാശം ഏൽപ്പിക്കുന്നതിന് തീരുമാനിച്ചിരിക്കുന്നു.

ടെണ്ടറുകൾ സമർപ്പിക്കുന്നവർ നിരതദ്രവ്യമായി പേർ 1 ക്ക് 50,000/- കയുടെ DD സഹിതം ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന പേരിൽ (തൃശ്ശൂരിൽ മാറാവുന്നത്) 2024 മാർച്ച് 13 ന് പകൽ 3.00 മണി വരെ കൊച്ചിൻ ദേവസ്വം ബോർഡ് ഓഫീസിൽ ലഭിക്കത്തക്ക രീതിയിൽ രജിസ്റ്റേർഡ് തപാൽ വഴിയോ, നേരിട്ടോ ദേവസ്വം കമ്മീഷണർ, കൊച്ചിൻ ദേവസ്വം ബോർഡ്, തൃശ്ശൂർ എന്ന വിലാസത്തിൽ അയക്കേണ്ടതാണ്. പ്രത്യേക ഗവൺമെന്റ് ഉത്തരവു പ്രകാരം നിരതദ്രവ്യം സമർപ്പിക്കുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ള സ്ഥാപനങ്ങൾ നിരതദ്രവ്യം വെക്കേണ്ടതില്ല. ആയതിന്റെ രേഖ ടെണ്ടറിനോടൊപ്പം ഹാജരാക്കേണ്ടതാണ്.

നാളികേരം കിന്റൽ 1 ക്ക് എത്ര രൂപക്ക് എടുക്കാമെന്നുള്ളതിന് വ്യക്തികളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും മത്സരസ്വഭാവമുള്ള സീൽഡ് ടെണ്ടറുകൾ സ്വീകരിക്കുന്നതാണ്. ടെണ്ടർ കവറിനു മുകളിൽ **ശ്രീകുരുംബ ഭഗവതി ക്ഷേത്രത്തിലെ നാളികേരം ടെണ്ടർ (2024-2025)** എന്ന് രേഖപ്പെടുത്തേണ്ടതാണ്.

ടെണ്ടർ 2024 മാർച്ച് 13/03/24 ന് 3.30 പി.എം. ന് ഹാജരുള്ള ടെണ്ടറുകാരുടെ സാന്നിദ്ധ്യത്തിൽ തൃശ്ശൂർ ബോർഡോഫീസിൽ വെച്ച് തുറന്ന് പരിശോധിക്കുന്നതാണ്. ടെണ്ടർ സ്വീകാര്യമാണെങ്കിൽ ബഹു:ബോർഡിൽ നിന്ന് ഉത്തരവ് ലഭിക്കുന്ന മുറയ്ക്ക് സ്ഥിരപ്പെടുത്തുന്നതിനും, ആയതിനു ശേഷം 1,00,000/- രൂപ അഡ്വാൻസായി ശ്രീദേവസ്വത്തിൽ അടച്ച് രശീതി വാങ്ങേണ്ടതുമാകുന്നു.

അഡ്വാൻസ് സംഖ്യ ഏൽപ്പനക്കാലമായ 31 മാർച്ച് 2025 ന് ശേഷം ടിയാന്റെ പേരിൽ ബാദ്ധ്യതകൾ ഒന്നും തന്നെ ഇല്ല എന്ന് ഉറപ്പു വരുത്തിയ ശേഷം തിരികെ നൽകുന്നതാണ്.

ടെണ്ടർ ലഭിക്കുന്ന വ്യക്തി/സ്ഥാപനം ക്ഷേത്രത്തിൽ നിന്നും അതാതു ദിവസം സ്വന്തം ഉത്തരവാദിത്വത്തിൽ ദേവസ്വം ഉദ്യോഗസ്ഥനെ തൂക്കം ബോദ്ധ്യപ്പെടുത്തി ഏറ്റെടുത്ത് കൊണ്ടുപോകേണ്ടതും, അതാതു ദിവസത്തെ ടെണ്ടർ നിരക്ക് പ്രകാരമുള്ള സംഖ്യ ദേവസ്വത്തിൽ അടച്ച് ടെണ്ടറുകാരൻ രശീതി കൈപ്പറ്റേണ്ടതുമാണ്. സംഖ്യ കൃത്യ സമയത്തിന് അടക്കുന്നത് വീഴ്ച വരുത്തിയാൽ ക്രമപ്രകാരം 20% പലിശ സഹിതം കുടിശ്ശിക അടക്കേണ്ടതാണ്.

ടെണ്ടറുകാരൻ ദേവസ്വത്തിലേക്ക് നഷ്ടം വരുത്തുന്ന രീതിയിൽ എന്തെങ്കിലും പ്രവർത്തിക്കുകയോ, മറ്റോ ചെയ്താൽ ടിയാന്റെ നഷ്ടോത്തരവാദിത്വത്തിൽ വീണ്ടും ലേലം ചെയ്യുന്നതും, അതിൽ വെച്ച് ലാഭം ഉണ്ടായാൽ ടിയാന് അവകാശമില്ലാത്തതും, നഷ്ടമുണ്ടായാൽ ടിയാനിൽ നിന്ന് നിയമാനുസൃത നടപടികളിലൂടെ വസൂൽ ചെയ്യുന്നതുമാകുന്നു.

ടെണ്ടർ ദേവസ്വത്തിന് ഗുണകരമല്ലെന്ന് കണ്ടാൽ നിർത്തി വെക്കുന്നതിനോ, വകുപ്പിന് ഗുണകരമാകും വിധം ടി അവകാശം മറ്റൊരാളെ ഏൽപ്പിക്കുന്നതിനോ, മറ്റ് യുക്തമെന്ന് തോന്നുന്ന തീരുമാനം എടുക്കുന്നതിനുള്ള പൂർണ്ണ അധികാരം കൊച്ചിൻ ദേവസ്വം ബോർഡിൽ നിക്ഷിപ്തമായിരിക്കും.

ലേലം സ്ഥിരപ്പെടുത്തിയ ശേഷം ലേലക്കാരന്റെ ചിലവിൽ നിയമാനുസൃതമായ മുദ്രപത്രത്തിൽ ദേവസ്വത്തിൽ നിന്നും നിശ്ചയിക്കുന്ന നിബന്ധനകൾ ഉൾക്കൊള്ളിച്ചു കൊണ്ട് ഒരു കച്ചീട്ട് ദേവസ്വം മാനേജർ മുമ്പാകെ ഹാജരാക്കേണ്ടതാണ്.

ഈ ലേലത്തെ കുറിച്ച് കൂടുതൽ വിവരങ്ങൾ അറിയുവാൻ ആഗ്രഹിക്കുന്നവർ തിരുവഞ്ചിക്കുളം അസിസ്റ്റന്റ് കമ്മീഷണർ ഓഫീസ് (0480 - 2802446), ശ്രീദേവസ്വം ഓഫീസ് (0480 - 2803061), ബോർഡ് ഓഫീസ് (0487 - 2331124) എന്നീ സ്ഥലങ്ങളിൽ പ്രവൃത്തി സമയങ്ങളിൽ അന്വേഷിച്ചാൽ അറിയാവുന്നതാണ്.

ഒപ്പ്
ദേവസ്വം കമ്മീഷണർ
കൊച്ചിൻ ദേവസ്വം ബോർഡ്